പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2279 | 23.01.2014-ൽ മറുപടിയ്ക്ക്

## ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ ; | (എ) | ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ആനച്ചാൽ മുതൽ എഴിക്കര വരെയുള്ള പ്രദേശവാസികളുടെ നിരവധി കേസുകൾ എറണാകുളം എ. ഡി. എമ്മിനു മുമ്പാകെ പരിഗണനയിൽ ഇരിക്കുന്നതിനാലാണ് ചെറായി. സബ്സ്റ്റേഷൻ നിർമ്മാണത്തിൽ കാലതാമസം നേരിട്ടു കൊണ്ടിരിക്കുന്നത്. |
| (ബി) | സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ; | (ബി) | സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് equipment foundation, ഇറക്ഷൻ ജോലികളും ടെസ്റ്റിംഗും പൂർത്തീകരിക്കുന്നുണ്ട്. ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്കുമാത്രമേ ഈ ജോലികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ച് കോടതി നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (സി) | ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 3 കേസുകൾ ഉണ്ടായിരുന്നു. ഈ കേസുകൾ എ. ഡി. എമ്മിന്റെ പരിശോധനയ്ക്കായി വിടുകയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ചെയ്തിട്ടുള്ളത്. ഇതു പ്രകാരം എ. ഡി. എം അഡ്വക്കേറ്റ് കമ്മീഷനെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മീഷൻ കെ. എസ്. ഇ. ബിയ്ക്ക് അനുമതി ലഭിച്ച റൂട്ടിലും, പരാതിക്കാർ നിർദ്ദേശിച്ച ബദൽ റൂട്ടിലും, സർവ്വേ നടത്തുകയുണ്ടായി. അതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് 21-11-2013-ന് എ. ഡി. എമ്മിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ തടസ്സവാദം ഉന്നയിച്ചവരുടെ പരാതികൾ കേൾക്കുന്നതിന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) | ഇക്കാര്യത്തിൽ തടസ്സവാദം ഉന്നയിച്ചവരുടെ പരാതികൾ തീർപ്പാക്കുന്നതിന് അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിനെ സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.